# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3348** **19.10.2016-ൽ മറുപടിയ്ക്ക്**

**<u>രാജാരവിവർമ്മ സ്മാരക സമുച്ചയം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ ബി.സത്യൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയം കാട്ടുകയറി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരള ലളിതകലാ അക്കാദമി കിളിമാനൂർ രാജാ രവിവർമ്മ സ്മാരക സമുച്ചയവും പരിസരവും വൃത്തിയായി പരിപാലിച്ച് വരുന്നുണ്ട്. |
| (ബി) പ്രസ്തുത സമുച്ചയം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത സ്മാരക സമുച്ചയത്തിൽ അടുത്ത ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും സമുച്ചയം പരിപാലിക്കുന്നതിനായി അറ്റന്റർ, ഗാർഡ്നർ, സ്വീപ്പർ എന്നിങ്ങനെ ദിവസവേതനത്തിൽ മൂന്ന് പേരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സമുച്ചയം സംരക്ഷിക്കുന്നതിനുള്ള പുതിയ പദ്ധതികൾ കേരള ലളിതകലാ അക്കാഡമി മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ